(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നിലവിലുള്ള ഏതെങ്കിലും പദ്ധതികളുടെ ഉല്പാദനശേഷി വർദ്ധിപ്പിച്ച് അധികമായി വൈദ്യുതി ഉല്പാദിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഏതൊക്കെ പദ്ധതിയിൽ നിന്ന് എത്ര യൂണിറ്റ് വൈദ്യുതിയാണ് അധികമായി ഉല്പാദിപ്പിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി&സി) ഉല്പാദനശേഷി പൂർണ്ണമായി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കാലപ്പഴക്കം ചെന്ന ജലവൈദ്യുത പദ്ധതികളായ പള്ളിവാസൽ, ചെങ്കുളം, പന്നിയാർ എന്നിവ നവീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

വൈദ്യുതി ബോർഡിനു കിട്ടിയ റവന്യൂ വരുമാനം

99 (2677) ശ്രീമതി റോസമ്മ ചാക്കോ :

ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷത്തിലെ ഓരോ മാസവും സംസ്ഥാന വൈദ്യുതി ബോർഡിനു കിട്ടിയ റവന്യൂ വരുമാനം ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഈ കാലഘട്ടത്തിലെ ഓരോ മാസവും ശമ്പളം, അലവൻസുകൾ, നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങി ഓരോ ഇനത്തിലും ചെലവഴിച്ച തുക എത്രയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ബോർഡിന്റെ താൽക്കാലിക കണക്കനുസരിച്ച് 4/99 മുതൽ 1/2000 വരെ ലഭിച്ച റവന്യൂ വരുമാനത്തിന്റെ (ഡ്യൂട്ടി ഉൾപ്പെടെ) വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ബോർഡിന്റെ താൽക്കാലിക കണക്കനുസരിച്ച് ഈ കാലയളവിൽ ഓരോ മാസവും, ശമ്പളം, അലവൻസുകൾ, നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങി ഓരോ ഇനത്തിലും ചെലവഴിച്ച തുകയുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

വല്ലപ്പാട് 110 കെ. വി. സബ്സ്റ്റേഷൻ നിർമ്മാണം

100 (2678) ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ വലപ്പാട് 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly